പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 283

# 2025-ലെ കേരള ലഹരി നിർമ്മാർജ്ജന - പ്രതിരോധ - ശിക്ഷ ഉറപ്പാക്കൽ ബിൽ

(ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 283

# 2025-ലെ കേരള ലഹരി നിർമ്മാർജ്ജന - പ്രതിരോധ - ശിക്ഷ ഉറപ്പാക്കൽ ബിൽ

(ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ. നോട്ടീസ് നൽകിയത്)

1000/2025.

# 2025-ലെ കേരള ലഹരി നിർമ്മാർജ്ജന - പ്രതിരോധ - ശിക്ഷ ഉറപ്പാക്കൽ ബിൽ

(ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരളത്തിൽ വർധിച്ചു വരുന്ന ലഹരി ഉൽപ്പന്നങ്ങളുടെ വിപണനം, ഉപയോഗം എന്നിവ തടയുന്നതിനും, ഇത്തരം പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും, 1985-ലെ നാർക്കോട്ടിക്ക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റ് നടപ്പിലാക്കുന്നതിൽ സുതാര്യത,ഉത്തരവാദിത്വം, സമഗ്രത എന്നിവ ഉറപ്പാക്കുന്നതിനും

വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിൽ ലഹരി ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും വർധിച്ചു വരികയാണ്. വിദ്യാർത്ഥികളും യുവജനങ്ങളുമാണ് ഇത്തരം കെണിയിൽ പെടുന്നത്. ലഹരി ഉപയോഗിക്കുന്നവർ നടത്തുന്ന അക്രമങ്ങളും കൊലപാതകങ്ങളും കേരളത്തിൽ ക്രമാതീതമായി വർധിച്ചു വരികയാണ്. ഇത്തരം സാഹചര്യം ഇല്ലാതാക്കുന്നതിനും, ലഹരി വ്യാപനം തടയുന്നതിനും വേണ്ടി ശക്തമായ നിയമനടപടികൾ അനിവാര്യമായി തീർന്നിരിക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ 77-ാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള ലഹരി നിർമ്മാർജ്ജന - പ്രതിരോധ - ശിക്ഷ ഉറപ്പാക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ"എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "മയക്ക് മരുന്ന് പിടിച്ചെടുക്കൽ പ്രവർത്തനം" എന്നാൽ എൻ.ഡി.പി.എസ് നിയമപ്രകാരം നിയമ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന, മയക്ക് മരുന്നുകൾ, സൈക്കോട്രോപ്പിക് വസ്തുക്കൾ അല്ലെങ്കിൽ നിയന്ത്രിത വസ്തുക്കൾ എന്നിവയുടെ പരിശോധന, പിടിച്ചെടുക്കൽ, കണ്ടുകെട്ടൽ എന്നിവ ഉൾപ്പെടുന്ന ഏതൊരു പ്രവർത്തനത്തെയും അർത്ഥമാക്കുന്നു;

(സി) "ഗസറ്റഡ് ഓഫീസർ" എന്നാൽ സംസ്ഥാനത്തിന് ബാധകമായ സർവ്വീസ് നിയമങ്ങൾക്കനുസരിച്ച് ഒരു ഗസറ്റഡ് ഓഫീസറായ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥൻ എന്നാണ് അർത്ഥമാക്കുന്നത്;

(ഡി) "നിയമ നിർവ്വഹണ ഉദ്യോഗസ്ഥൻ" എന്നാൽ മയക്ക് മരുന്ന് പിടിച്ചെടുക്കൽ പ്രവർത്തനങ്ങൾ നടത്താൻ എൻ.ഡി.പി.എസ് നിയമ പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന് അർത്ഥമാക്കുന്നു;

(ഇ) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എഫ്) "വകുപ്പ്" എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നാകുന്നു;

(ജി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ മൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(എച്ച്) ഈ നിയമത്തിൽ ഉപയോഗിച്ചതും എന്നാൽ നിർവ്വചിക്കാത്തതുമായ 1985-ലെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് (1985-ലെ ആക്റ്റ് നമ്പർ 61), 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത (2023-ലെ നമ്പർ 45) എന്നിവയിൽ നിർവ്വചിച്ചിരിക്കുന്ന വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആ നിയമത്തിലും സംഹിതയിലും യഥാക്രമം നൽകിയിരിക്കുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. <u>മയക്ക് മരുന്ന് പിടിച്ചെടുക്കൽ പ്രവർത്തനങ്ങളുടെ നിർബന്ധിത വീഡിയോ ചിത്രീകരണം.</u>—(1)ഒരു ഗസറ്റഡ് ഓഫീസറുടെ സാന്നിധ്യത്തിലായിരിക്കണം വീഡിയോ ചിത്രീകരണം നടത്തേണ്ടത്.

(2) ഏതെങ്കിലും മയക്ക് മരുന്ന്(ലഹരി ഉൽപ്പന്നങ്ങൾ, വസ്തുക്കൾ), സൈക്കോട്രോപിക് പദാർത്ഥം അല്ലെങ്കിൽ മറ്റ് നിയന്ത്രിത പദാർത്ഥങ്ങൾ സംബന്ധിയായി 1985-ലെ എൻ.ഡി.പി.എസ് നിയമപ്രകാരം ശിക്ഷാർഹമായ ഒരു കുറ്റകൃത്യം നടന്നതായോ, മേൽ ആക്ടിലെ അദ്ധ്യായം 5(എ) പ്രകാരം പിടിച്ചെടുക്കൽ, മരവിപ്പിക്കൽ, കണ്ടുകെട്ടൽ എന്നിവയ്ക്ക് വിധേയമായ നിയമ വിരുദ്ധമായി സമ്പാദിച്ച

സ്വത്തുക്കളോ, അത്തരം നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുകളുടെ തെളിവ് നൽകുന്ന രേഖയോ മറ്റ് വസ്തുക്കളോ ഏതെങ്കിലും കെട്ടിടത്തിലോ വാഹനത്തിലോ അടച്ചിട്ട സ്ഥലത്തോ സൂക്ഷിച്ചതോ മറച്ചുവെച്ചതോ ആയ വ്യക്തിപരമായ അറിവോ മറ്റൊരാളിൽ നിന്നും ലഭിച്ച വിവരമോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തിയതിന് ശേഷം സർക്കാരിന്റെ പൊതുവായതോ, പ്രത്യേകമായതോ ആയ ഉത്തരവുകളിലെ അധികാരപ്രകാരം റവന്യൂ, മയക്ക് മരുന്ന് നിയന്ത്രണം, എക്സൈസ്, പോലീസ്, അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ മറ്റേതെങ്കിലും വകുപ്പിലെ (പ്യൂൺ, ശിപായി, അല്ലെങ്കിൽ കോൺസ്റ്റബിൾ എന്നിവരെക്കാൾ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥർ) ഉദ്യോഗസ്ഥർ നടത്തുന്ന ഓരോ മയക്ക് മരുന്ന് (ലഹരി ഉൾപ്പന്നങ്ങൾ, വസ്തുക്കൾ)പിടിച്ചെടുക്കൽ പ്രവർത്തനങ്ങളും പൂർണ്ണമായ വീഡിയോ ചിത്രീകരണത്തോട് കൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന കാര്യം നിർബന്ധമാക്കേണ്ടതാണ്. താഴെ പറയുന്നവ ഉൾപ്പെടുന്നതും എന്നാൽ അതിൽ മാത്രം പരിമിതപ്പെടാത്തതുമാണ്.

(എ) സംശയിക്കപ്പെടുന്ന മരുന്നുകളുടെയോ പദാർത്ഥങ്ങളുടെയോ വസ്തുക്കളുടെയോ തിരച്ചിലും തിരിച്ചറിയലും.

(ബി) കണ്ടു കെട്ടിയ മരുന്നുകളുടെയോ പദാർത്ഥങ്ങളുടെയോ വസ്തുക്കളുടെയോ തൂക്കലും മറ്റു നടപടി ക്രമങ്ങളും.

(സി) കണ്ടുകെട്ടിയ വസ്തുക്കളുടെ സീലിംഗും ലേബലിംഗും.

4. <u>റെക്കോർഡ് ചെയ്ത വീഡിയോകളുടെ സംരക്ഷണവും ഉപയോഗവും.</u>—(1) വകുപ്പ് 3 പ്രകാരം എടുത്ത വീഡിയോ റെക്കോർഡുകൾ, പിടിച്ചെടുക്കൽ തീയതി മുതൽ ആറ് മാസത്തിൽ കുറയാത്ത കാലയളവിലേക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

(2) എൻ.ഡി.പി.എസ് ആക്ട് അല്ലെങ്കിൽ മറ്റേതെങ്കിലും നിയമ പ്രകാരമുള്ള മയക്ക് മരുന്ന്(ലഹരി ഉൽപ്പന്നം, വസ്തു) പിടിച്ചെടുക്കലുമായി ബന്ധപ്പെട്ട ഏതൊരു നടപടി ക്രമത്തിലും മേൽ വീഡിയോ റെക്കോർഡിംഗുകൾ തെളിവായി സ്വീകരിക്കാവുന്നതാണ്.

5. <u>നിയമം പാലിക്കാത്തതിന്റെ അനന്തരഫലങ്ങൾ.</u>—(1) വകുപ്പ് 3-ലെ വ്യവസ്ഥകൾ പാലിക്കാത്തത് മയക്ക് മരുന്ന്(ലഹരി ഉൽപ്പന്നം, വസ്തു) പിടിച്ചെടുക്കൽ പ്രവർത്തനത്തിനിടെ ശേഖരിക്കുന്ന തെളിവുകളുടെ സ്വീകാര്യതയെ നിയമ നടപടികളിൽ ബാധിക്കുന്നതായിരിക്കും.

(2) വകുപ്പ് 3 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതിരിക്കുന്ന നിയമ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സർവ്വീസ് നിയമ പ്രകാരം ബാധകമായിട്ടുള്ള മുഴുവൻ നടപടികൾക്കും വിധേയമാക്കാവുന്നതും, പിഴയോ തടവോ ഉൾപ്പെടെയുള്ള ശിക്ഷകൾ നൽകാവുന്നതുമാണ്.

6. <u>ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്.

(2) മുകളിൽ പറഞ്ഞ അധികാരത്തിന്റെ പൊതു സ്വഭാവത്തിന് കോട്ടം തട്ടാതെ താഴെ പറയുന്ന കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്:

(എ) മയക്ക് മരുന്ന്(ലഹരി ഉൽപ്പന്നം, വസ്തു) പിടിച്ചെടുക്കൽ പ്രവർത്തനങ്ങളുടെ വീഡിയോ റെക്കോർഡിംഗിനായുള്ള സാങ്കേതിക സവിശേഷതകളും നടപടി ക്രമങ്ങളും.

(ബി) വീഡിയോ റെക്കോർഡിംഗുകളുടെ സുരക്ഷിതമായ സംഭരണം, കൈകാര്യം ചെയ്യൽ, സംരക്ഷണം.

(സി) ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി നിയമ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പരിശീലനവും ശേഷി വർധിപ്പിക്കലും.

(ഡി) വീഡിയോ റെക്കോർഡിംഗ് നടത്തുന്നതിനുള്ള ഉപകരണങ്ങൾ ഉറപ്പാക്കൽ.

7. <u>സദുദ്ദേശ്യത്തോടെ സ്വീകരിച്ച നടപടികളുടെ സംരക്ഷണം.</u>—ഈ ആക്ടോ അതുപ്രകാരം നിർമ്മിച്ച ചട്ടങ്ങളോ പ്രകാരം സദുദ്ദേശ്യത്തോടെ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും പ്രവർത്തിയുടെ പേരിൽ ആർക്കെതിരെയും കേസോ, പ്രോസിക്യൂഷനോ മറ്റ് നടപടികളോ നില നിൽക്കുന്നതല്ല.

8. <u>ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർബന്ധിത മയക്കുമരുന്ന് പരിശോധന.</u>—(1)സ്വകാര്യ മേഖലകളിലുള്ളവ ഉൾപ്പെടെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി സ്ക്കൂളുകളിലും പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കൃത്യമായ ഇടവേളകളിൽ സംസ്ഥാന സർക്കാർ നിർബന്ധിത മയക്കുമരുന്ന് പരിശോധനാ സംവിധാനം നടപ്പിലാക്കേണ്ടതാണ്.

(2) സംസ്ഥാന സർക്കാർ അംഗീകരിച്ച സർട്ടിഫൈഡ് മെഡിക്കൽ പ്രൊഫഷണലുകളോ ഏജൻസികളോ ആയിരിക്കണം മയക്കുമരുന്ന് പരിശോധനകൾ നടത്തേണ്ടത്. പരിശോധനയ്ക്കുള്ള നടപടിക്രമങ്ങൾ ഈ നിയമപ്രകാരം സംസ്ഥാന സർക്കാരിന് നിർമ്മിക്കാവുന്നതാണ്.

(3) ഏതെങ്കിലും മയക്കുമരുന്ന് അല്ലെങ്കിൽ സൈക്കോട്രോപിക് പദാർത്ഥത്തിന്റെ ഉപയോഗത്തിന് ഒരു വിദ്യാർത്ഥി പോസിറ്റീവ് ആണെന്ന് കണ്ടെത്തുന്ന സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(എ) ആദ്യ തവണ മുന്നറിയിപ്പും നിർബന്ധിത കൗൺസിലിംഗും നൽകേണ്ടതാണ്.

(ബി) രണ്ടാമത്തെ തവണയും പോസിറ്റീവ് ആയാൽ കുറഞ്ഞത് ഒരു അക്കാദമിക് ടേം എങ്കിലും സസ്പെൻഷനും സർക്കാർ നിശ്ചയിക്കുന്ന ഡി - അഡിക്ഷൻ പ്രക്രിയക്കും വിധേയമാക്കേണ്ടതാണ്.

(സി) തുടർച്ചയായ പോസിറ്റീവ് ആവുന്ന വിദ്യാർത്ഥിയെ സ്ഥാപനത്തിൽ നിന്ന് പുറത്താക്കുകയും, ഇത് സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾക്കും സുരക്ഷാ മുൻകരുതൽ നടപടികൾക്കും വിധേയമായിരിക്കേണ്ടതുമാണ്. ഇത്തരം കുട്ടികളുടെ തുടർ പഠനത്തിന് ആവശ്യമായി വരുന്ന എല്ലാ തരം ചെലവുകളും സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സ്വയം വഹിക്കേണ്ടതാണ്.

(ഡി) പരിശോധനാ നടപടിക്രമങ്ങളും, ഫലങ്ങളും കൈകാര്യം ചെയ്യുന്നതിൽ അതീവ രഹസ്യസ്വഭാവം പാലിക്കേണ്ടതാണ്.

9. <u>സർക്കാർ, സ്വകാര്യ മേഖലയിലെ ജീവനക്കാർക്കുള്ള നിർബന്ധിത മയക്കുമരുന്ന് പരിശോധന.</u>—(1) കേരള സംസ്ഥാനത്തിലെ എല്ലാ സർക്കാർ വകുപ്പുകളും, പൊതുമേഖലാ സ്ഥാപനങ്ങളും, സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളും ഈ നിയമപ്രകാരം സംസ്ഥാന സർക്കാർ നിർമ്മിച്ച നിർദ്ദേശങ്ങൾക്കനുസരിച്ച് അവരുടെ ജീവനക്കാരുടെ നിർബന്ധിത മയക്കുമരുന്ന് പരിശോധന ഉറപ്പാക്കണം.

(2) സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ, അത്തരം മയക്കുമരുന്ന് പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തേണ്ടതാണ്. ആവശ്യമെങ്കിൽ മുന്നറിയിപ്പ് കൂടാതെയും ഇത്തരം പരിശോധനകൾ നടത്താവുന്നതാണ്.

(3) സർക്കാർ പൊതുമേഖല ജീവനക്കാർക്ക് മയക്കു മരുന്നുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം നടപടികൾ എടുക്കാവുന്നതാണ്.

(എ) സാധുവായ കാരണമില്ലാതെ നിർബന്ധിത മയക്കുമരുന്ന് പരിശോധനയ്ക്ക് വിധേയമാകാൻ വിസമ്മതിക്കുന്നത് സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾക്ക് വിധേയമാക്കാവുന്നതാണ്;

(ബി) മയക്കുമരുന്ന് മരുന്നുകളുടെയോ സൈക്കോട്രോപിക് വസ്തുക്കളുടെയോ ഉപയോഗത്തിന് പോസിറ്റീവ് ആയ ജീവനക്കാരനെ അന്വേഷണ വിധേയമായി ഉടനടി സസ്പെൻഷന് വിധേയമാക്കേണ്ടതാണ്;

(സി) ആവർത്തിച്ചുള്ള കുറ്റവാളിയാണെന്ന് കണ്ടെത്തിയാൽ സ്ഥാപനത്തിന് ബാധകമായ സേവന നിയമങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച ശേഷം സേവനത്തിൽ നിന്ന് പിരിച്ചുവിടേണ്ടതാണ്.

(4) സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധന ഉറപ്പ് വരുത്തുകയും ആയത് കൃത്യമായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും ഫലങ്ങളുടെ രഹസ്യ സ്വഭാവം ഉറപ്പാക്കുകയും ജീവനക്കാരുടെ അവകാശങ്ങൾ പാലിക്കുകയും വേണം.

10. <u>പിടിക്കപ്പെടുന്ന ലഹരി വസ്തുക്കളുടെ അളവ് മാനദണ്ഡമാക്കാതെ നിയമനടപടികൾ സ്വീകരിക്കൽ.</u>— പിടിക്കപ്പെടുന്ന ലഹരി വസ്തുക്കളുടെ അളവ് മാനദണ്ഡമാക്കാതെ കുറ്റകൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ശക്തമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

(1) (എ) പിടിക്കപ്പെടുന്ന ലഹരി വസ്തുക്കളുടെ ഉറവിടവും സ്രോതസ്സും കണ്ടെത്തി കാരണക്കാരായ വ്യക്തിയുടെ സ്വത്ത് കണക്കാക്കി ഇതിന്റെ 25 ശതമാനം വരുന്ന തുക സർക്കാറിലേക്ക് കണ്ടുകെട്ടേണ്ടതാണ്. പ്രസ്തുത തുക സർക്കാർ പ്രത്യേക നിധി രൂപീകരിച്ച് അതിൽ നിക്ഷേപിക്കുകയും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്.

(ബി) കാരണക്കാരനായ വ്യക്തിയുടെ പേരിൽ സ്വത്ത് വകകളോ മുതലോ ഇല്ലാത്തപക്ഷം കുടുംബപരമായി ലഭിക്കാൻ സാധ്യതയുള്ള സ്വത്ത് വകകളുടെ വിഹിതം കണക്കാക്കി ഇതിന്റെ നിശ്ചിത ശതമാനം തുക സർക്കാറിലേക്ക് കണ്ടു കെട്ടേണ്ടതാണ്. പ്രസ്തുത തുക സർക്കാർ പ്രത്യേക നിധി രൂപീകരിച്ച് അതിൽ നിക്ഷേപിക്കുകയും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്.

(2)പിടിക്കപ്പെടുന്ന ലഹരി വസ്തുക്കളുടെ ഉറവിടം ഏതെങ്കിലും കച്ചവട, വ്യാപാര, വ്യവസായ സ്ഥാപനങ്ങളാണെന്ന് കണ്ടെത്തുന്ന പക്ഷം പ്രസ്തുത സ്ഥാപനത്തിന്റെ ലൈസൻസ് ചുരുങ്ങിയത് 5 കൊല്ലത്തേക്ക് റദ്ദാക്കേണ്ടതാണ്.

(3)മേൽപ്പറഞ്ഞ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന്, ഉപയോഗിക്കുകയോ, കൈവശം വെക്കുകയോ, വിപണനം ചെയ്യുകയോ, സൂക്ഷിക്കുകയോ, വഹിക്കുകയോ ചെയ്ത ലഹരി വസ്തുക്കളുടെ അളവ് മാനദണ്ഡമാക്കാൻ പാടില്ലാത്തതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

മയക്ക് മരുന്നിന്റെ ഉപയോഗവും വ്യാപനവും അതി തീവ്രമായ രീതിയിൽ വർധിച്ച കൊണ്ടിരിക്കുകയും നിയമ നിർവ്വഹണത്തിനും നീതിന്യായ വ്യവസ്ഥയുടെ ശരിയായ നടത്തിപ്പിനും ഭീഷണിയാവുന്ന തരത്തിൽ വളർന്ന കൊണ്ടിരിക്കുകയുമാണ്. മയക്ക മരുന്നിന്റെയും മറ്റു സൈക്കോട്രോപിക് പദാർത്ഥങ്ങളുടെയും നിരോധനത്തിനും നിയന്ത്രണത്തിനുമുള്ള നിയമപരമായ ചട്ടക്കൂട് 1985-ലെ എൻ.ഡി.പി.എസ് ആക്ട് നൽകുന്നു. എന്നിരുന്നാലും അതുമായി ബന്ധപ്പെട്ട പരിശോധനകളുടെയും

പിടിച്ചെടുക്കലിന്റെയും നിഷ്പക്ഷതയെ സംബന്ധിച്ച ആശങ്കകൾ നിരന്തരമായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ മേൽ നിയമത്തിന്റെ നടപ്പിലാക്കലിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും അത്യാവശ്യമാണ്.

വീഡിയോ റെക്കോർഡിംഗുകൾ കുറ്റ കൃത്യങ്ങളുടെ അന്വേഷണത്തിലും ക്രിമിനൽ നിയമവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും നടപടിക്രമങ്ങൾ എളുപ്പമാക്കുന്നതിനും അത്യാവശ്യമാണെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി 2018-ലെ ഷാഫി മുഹമ്മദ് /ഹിമാചൽ പ്രദേശ് കേസിൽ പറഞ്ഞിട്ടുണ്ട്. അധികാര ദുർവിനിയോഗം തടയുന്നതിലും ക്രിമിനൽ നടപടികളിൽ നീതി ഉറപ്പാക്കുന്നതിലും തെളിവ് ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം സഹായകരമാണെന്നത് അവിതർക്കിതമായ കാര്യമാണ്.

ഒരു ഗസറ്റഡ് ഓഫീസറുടെ സാന്നിധ്യത്തിൽ പരിശോധനയും, പിടിച്ചെടുക്കലും, പിടിച്ചെടുത്ത വസ്തുക്കളുടെ തൂക്കം ഉൾപ്പടെ എല്ലാ പ്രവർത്തനങ്ങളുടെയും വീഡിയോ റെക്കോർഡിംഗ് നിർബന്ധമാക്കുന്നത് വിശ്വാസ്യത വർധിപ്പിക്കുകയും, കൃത്രിമത്വം തടയുകയും എൻ.ഡി.പി.എസ് നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ ശ്രമങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യും.

കേരളത്തിൽ എൻ.ഡി.പി.എസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിലുണ്ടായിട്ടുള്ള കുത്തനെയുള്ള വർധനവ് സൂചിപ്പിക്കുന്നത് സംസ്ഥാനത്തെ ലഹരി ഉപയോഗത്തിന്റെ വർധനവിനെയാണ്. നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോ (എൻ.സി.ആർ.ബി) 2022-ൽ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം എൻ.ഡി.പി.എസ് നിയമപ്രകാരം ആകെ 26,619 കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് രാജ്യത്ത് ഏറ്റവും കൂടുതൽ ലഹരി കേസുകളുള്ള സംസ്ഥാനമായി കേരളം മാറാൻ ഇടയായി. മയക്ക് മരുന്നുമായി ബന്ധപ്പെട്ട അന്വേഷണങ്ങളിൽ സമഗ്രതയും നിഷ്പക്ഷതയും ഉറപ്പാക്കുന്നതിന് ശക്തമായ നടപടി ക്രമങ്ങളും സുരക്ഷാ സംവിധാനങ്ങളും അടിയന്തിരമായി ആവശ്യമാണെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

മുകളിൽ പറഞ്ഞത് പ്രകാരം, ലഹരി വസ്തുക്കളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കുന്നതിനും, അന്വേഷണവും പിടിച്ചെടുക്കലും സുഗമവും നിഷ്പക്ഷവും ആക്കി അധികാര ദുർവിനിയോഗവും അഴിമതിയും ഒഴിവാക്കുന്നതിനും ഇത്തരം സന്ദർഭങ്ങളിൽ വീഡിയോ റെക്കോർഡിംഗ് നിർബന്ധമാക്കുന്ന ഒരു നിയമ നിർമ്മാണം അനിവാര്യമായി വന്നിരിക്കുന്നു. എൻ.ഡി.പി.എസ് നടപടിക്രമങ്ങളുടെ വീഡിയോ റെക്കോർഡിംഗ് നിർബന്ധമാക്കുക വഴി ഏകീകൃതമായ ഒരു ചട്ടക്കൂട് രൂപീകരിക്കുകയും നിയമനിർവ്വഹണ ഉദ്യോഗസ്ഥരുടെ അധികാര ദുർവിനിയോഗം ഇല്ലാതാക്കുകയും സുതാര്യതയും ഉത്തരവാദിത്വവും വർധിപ്പിക്കുകയും, ഇത്തരം നടപടിക്രമങ്ങളുടെ തെളിവ് മൂല്യം ശക്തിപ്പെടുത്തുകയും, ഉദ്യോഗസ്ഥരുടെ തെറ്റായ നടപടികൾ നിയന്ത്രിക്കുകയും ശിക്ഷാ നിരക്ക് മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ ബില്ല് ലക്ഷ്യമിടുന്നത്.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നടപ്പിലാക്കുന്നതിന് വീഡിയോ റെക്കോർഡിംഗ് ഉപകരണങ്ങൾ വാങ്ങൽ, നിയമപാലകർക്ക് പരിശീലനം നൽകൽ, വീഡിയോ റെക്കോർഡിംഗ് തെളിവുകൾ സൂക്ഷിക്കുന്നതിനായി സൗകര്യങ്ങൾ ഒരുക്കൽ എന്നിവ ആവശ്യമാണ്. ഇതിന് പ്രാരംഭ ചിലവ് ആവശ്യമായി വരുമെങ്കിലും, മെച്ചപ്പെട്ട സുതാര്യതയും ശിക്ഷാ നിരക്കുകളിലെ വർധനയും നിയമപാലകരിലുള്ള പൊതുജനവിശ്വാസം തുടങ്ങിയ ദീർഘകാല നേട്ടങ്ങൾ ചിലവുകളെക്കാൾ വളരെ വലുതാണ്. ഈ നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമാക്കുന്നതിന് സംസ്ഥാന സർക്കാർ ബജറ്റിൽ ആവശ്യമായ ഫണ്ട് അനുവദിക്കേണ്ടതാണ്.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് പ്രകാരം ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം കഴിയുന്നത്ര വേഗം നിയമസഭാ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വെക്കേണ്ടതും, അതു പ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭാ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കുന്നില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതി പോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണ അധികാരം നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയതിനാൽ സാധാരണ സ്വഭാവത്തിലുള്ളതാണ്.

നജീബ് കാന്തപുരം, എം.എൽ.എ.